# ക്ഷീര കർഷക ക്ഷേമനിധി

## ക്ഷീര ജാലകം സോഫ്റ്റ്‌വെയർ

## വിദ്യാഭ്യാസ ധനസഹായ പദ്ധതി ഓൺലൈൻ

## അപേക്ഷ സമർപ്പണം -ഹെല്പ്

ക്ഷീര കർഷക ക്ഷേമനിധിയുടെ ക്ഷീര ദീപം പദ്ധതിയുടെ ഭാഗമായാണ് വിദ്യാഭ്യാസ ധനസഹായ പദ്ധതി നടപ്പിലാക്കുന്നത്. 2016-17 സാമ്പത്തിക വർഷത്തെ സ്കീം മുതൽ ഓൺലൈൻ ആയാണ് അപേക്ഷ സ്വീകരിക്കുന്നത്. ഓരോ ക്ഷീര വികസന യൂണിറ്റ് ഓഫീസുകളെയും മുൻ കൊല്ലത്തെ പാലുല്പാദനത്തിന്റെ അടിസ്ഥാനത്തിൽ വർഗീകരിച്ചാണ് ഇത് നടപ്പിലാക്കുന്നത്. ഓരോ വർഷവും മാർച്ച് 31 വരെയുള്ള പാലുല്പാദനത്തിന്റെ അടിസ്ഥാനത്തിൽ മെയ് - ജൂൺ മാസങ്ങളിലായിരിക്കും സ്കീം തയ്യാറാക്കുന്നത്. ഒരു സാമ്പത്തിക വർഷത്തെ സ്കീം നവംബർ 30 വരെ ഓപ്പൺ ആയിരിക്കും. നവംബർ 30 ന് ശേഷം ആ വർഷത്തെ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറക്ക് ക്ഷീര വികസന ഓഫീസർക്ക് സ്കീം ക്ലോസ് ചെയ്യാവുന്നതാണ്. ക്ഷീര വികസന ഓഫീസർ ക്ലോസ് ചെയ്താൽ തുടർന്ന് ആ വർഷത്തെ സ്കീമിലേക്ക് അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയില്ല.

ഒരു വർഷത്തെ സ്കീം ക്ഷേമനിധി ജനറേറ്റ് ചെയ്തു കഴിഞ്ഞാൽ ക്ഷീര കർഷകർക്ക് അവരുടെ പ്രൊഫൈൽ പേജിലൂടെ അപേക്ഷകൾ സമർപ്പിക്കാം. തൊട്ടു മുന്നത്തെ അധ്യയന വർഷം പഠിച്ച കോഴ്സിന്റെ അടിസ്ഥാനത്തിൽ ആണ് അപേക്ഷിക്കേണ്ടത്. അതായത് 2017-18 സാമ്പത്തിക വർഷത്തെ സ്കീമിൽ അപേക്ഷിക്കുന്നതിനു 2016-17 വർഷം പഠിച്ചിട്ടുള്ള എസ്.എസ്.എൽ.സി, ഹയർസെക്കൻഡറി, ബിരുദം, പ്രൊഫഷണൽ ബിരുദം എന്നിവ പരിഗണിക്കും.

ക്ഷീര കർഷകൻ സമർപ്പിക്കുന്ന അപേക്ഷ പ്രാഥമിക പരിശോധനക്കായി ക്ഷീര വികസന ഓഫീസറുടെ പക്കൽ ലഭിക്കുന്നു. ക്ഷീര വികസന ഓഫീസർക്ക് അപേക്ഷകൾ പരിശോധിച്ച് സ്വീകരിക്കുന്നതിണോ, തിരസ്കരിക്കുന്നതിണോ സാധിക്കുന്നതാണ്. ക്ഷീര

വികസന ഓഫീസർ സ്വീകരിക്കുന്ന അപേക്ഷകൾ വിദ്യാഭ്യാസ ധനസഹായ അപേക്ഷകൾ അംഗീകരിക്കുന്നതിനായി രൂപീകരിക്കുന്ന കമ്മറ്റിയിലേക്ക് നീങ്ങുന്നു. നിരസിക്കുന്ന അപേക്ഷകൾ ന്യൂനത പരിഹരിക്കുന്നതിനായി തിരികെ അപേക്ഷകന്റെ പ്രൊഫൈൽ പേജിൽ ലഭിക്കുന്നു. ഓരോ വർഷത്തെയും സ്കീം ക്ലോസ് ചെയ്തതിനു ശേഷം മാത്രം കമ്മറ്റി രൂപീകരിക്കേണ്ടതാണ്. കമ്മറ്റി രൂപീകരിക്കുന്നതിനു മുമ്പായി ന്യൂനത പരിഹരിക്കുന്നതിനായി Reject ചെയ്തിരിക്കുന്ന എല്ലാ അപേക്ഷകളും തിരികെ വന്നിട്ടുണ്ടെന്ന് ഉറപ്പാക്കിയിരിക്കണം. ക്ഷീര കർഷകർ സമർപ്പിക്കുന്ന അപേക്ഷകൾ സ്കീം ക്ലോസ് ചെയ്തു അയതിലെക്കുള്ള കമ്മറ്റി കൂടുന്നത് വരേയ്ക്കും ക്ഷീരവികസന ഓഫീസറുടെ പക്കൽ തന്നെ ആയിരിക്കും . അതായതു ഒരു ക്ഷീര കർഷകൻ മെയ് മാസം അപേക്ഷ സമർപ്പിച്ചാലും നവംബർ മാസം കഴിഞ്ഞു ക്ഷീരവികസന ഓഫീസർ സ്കീം ക്ലോസ് ചെയ്യുന്നത് വരെയും ക്ഷീര വികസന ഓഫീസറുടെ പക്കൽ തന്നെ അപേക്ഷ ഉണ്ടാകും. യുണിറ്റ് പരിധിയിലുള്ള എല്ലാ അർഹരായ ക്ഷീരകർഷകരുടെയും അപേക്ഷ സ്വീകരിച്ച ശേഷം സ്കീം ക്ലോസ് ചെയ്യേണ്ടതും, അതിനുശേഷം കമ്മറ്റി രൂപീകരിക്കേണ്ടതുമാണ്. കമ്മറ്റി രൂപീകരണം സ്കീമിലെ വ്യവസ്ഥകൾ പ്രകാരം ചെയ്യേണ്ടതാണ്. ആയതിലേക്ക് ഒരു ഓഫീസ് ഫയൽ രൂപീകരിച്ചു വേണ്ട നടപടികൾ സ്വീകരിച്ചു കമ്മറ്റി അംഗങ്ങളുടെ വിവരങ്ങൾ മാത്രം സോഫ്റ്റ്‌വെയറിൽ നൽകിയാൽ മതിയാകും. കമ്മറ്റി രൂപീകരിച്ച ശേഷം ഓൺലൈൻ ആയി ലഭിച്ച അപേക്ഷകൾ സോഫ്റ്റ്‌വെയറിൽ നിന്നും ഡൌൺലോഡ് ചെയ്തു, സ്കീമിലെ വ്യവസ്ഥകൾ പ്രകാരം റാങ്ക് നൽകേണ്ടതാണ്. അതിനു ശേഷം ടി റാങ്ക് സോഫ്റ്റ്‌വെയറിലെ Committee Approval എന്റർ ചെയ്യേണ്ടതാണ്.

റാങ്ക് ലിസ്റ്റ് പ്രകാരം അർഹരായ അപേക്ഷകരുടെ അപേക്ഷകൾ മാത്രം ക്ഷീര സംഘത്തിലേക്ക് ഫോർവേഡ് ചെയ്യുന്നു. തുടർന്ന് മറ്റു ധനസഹായ അപേക്ഷകളുടെ അതേ രീതിയിൽ സംഘം സെക്രട്ടറിയുടെ പരിശോധന, സംഘം ബോർഡ് തീരുമാനം എന്നിവ രേഖപ്പെടുത്തി ക്ഷീര വികസന ഓഫീസറുടെ ഇൻബോക്സിൽ എത്തുന്നു. തുടർന്ന് അപേക്ഷകൾ ജില്ല ഓഫീസ് വഴി ക്ഷേമനിധിയിൽ എത്തുന്നു. ക്ഷേമനിധിയിൽ ആവശ്യമായ പരിശോധനകൾക്ക് ശേഷം ധനസഹായം അനുവദിക്കുന്നു. ഏതെങ്കിലും കാരണവശാൽ ഒരു അപേക്ഷകന്റെ അപേക്ഷ പൂർണ്ണമായും നിരസിച്ചാൽ റാങ്ക് ലിസ്റ്റിൽ നിന്നും അടുത്ത വ്യക്തിയെ ക്ഷീര വികസന ഓഫീസർക്ക് പുഷ് ചെയ്യാവുന്നതാണ്.

## സാധാരണയായി ഉണ്ടാകുന്ന ചോദ്യങ്ങളും അവയ്ക്കുള്ള മറുപടിയും?

### 1. ഓരോ വർഷത്തെയും അപേക്ഷ സമർപ്പിക്കുന്നതിനു സമയ പരിധി ഉണ്ടോ?

അതാത് സാമ്പത്തിക വർഷത്തെ സ്കീം ക്ഷേമനിധി ബോർഡ് അംഗീകരിക്കുന്ന മുറക്ക് സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്യുന്നു. അതിനെ തുടർന്ന് കർഷകർക്ക് തങ്ങളുടെ പ്രൊഫൈൽ പേജിൽ നിന്നും അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓരോ വർഷവും മാർച്ച് 31 വരെയുള്ള പാലുല്പാദനത്തിന്റെ അടിസ്ഥാനത്തിൽ മെയ് - ജൂൺ മാസങ്ങളിലായിരിക്കും സ്കീം തയ്യാറാക്കുന്നത്. ഒരു സാമ്പത്തിക വർഷത്തെ സ്കീം നവംബർ 30 വരെ ഓപ്പൺ ആയിരിക്കും. നവംബർ 30 ന് ശേഷം ആ വർഷത്തെ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറക്ക് ക്ഷീര വികസന ഓഫീസർക്ക് സ്കീം ക്ലോസ് ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

### 2. എല്ലാ അപേക്ഷകർക്കും ധനസഹായം ലഭിക്കുമോ?

മുൻ സാമ്പത്തിക വർഷത്തെ ബ്ലോക്കിന്റെ പാലുല്പാദനത്തിന്റെ അടിസ്ഥാനത്തിൽ പല ക്ലാസ്സുകളായി വർഗീകരിച്ചാണ് ഗുണഭോക്താക്കളുടെ എണ്ണം തീരുമാനിക്കുന്നത്. ഓരോ ബ്ലോക്കിലും ഓരോ തലത്തിലും നൽകാവുന്ന അപേക്ഷകളുടെ എണ്ണം അതാത് വർഷത്തെ സ്കീമിൽ ഉണ്ടാകും. റാങ്ക് ലിസ്റ്റിൽ ആദ്യം വരുന്ന നിശ്ചിത എണ്ണം അപേക്ഷകർക്കാണ് ധനസഹായത്തിന് അർഹത.

### 3. ഓൺലൈൻ ആയി വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്നതിനുള്ള വിവിധ ഘട്ടങ്ങൾ ?

1. ഒരു സാമ്പത്തിക വർഷത്തെ സ്കീം ബോർഡ് അംഗീകരിക്കൽ.
2. ക്ഷീരകർഷകൻ തന്റെ പ്രൊഫൈൽ പേജിൽ നിന്നും അപേക്ഷ സമർപ്പിക്കുന്നു.
3. അപേക്ഷ ക്ഷീര വികസന ഓഫീസർക്ക് പരിശോധനക്ക് ലഭിക്കുന്നു.
4. സ്കീം അവസാനിക്കുന്ന തീയതിക്ക് ശേഷം കമ്മറ്റി രൂപീകരിക്കുന്നു.

5. കമ്മറ്റി രൂപീകരണത്തിനു ശേഷം അപേക്ഷകരുടെ റാങ്ക് ലിസ്റ്റ് രേഖപ്പെടുത്തുന്നു.

6. യോഗ്യരായ അപേക്ഷകരുടെ അപേക്ഷകൾ തിരികെ ക്ഷീര സംഘത്തിലേക്ക് ഫോർവേഡ് ചെയ്യുന്നു. ക്ഷീര സംഘം സെക്രട്ടറി പരിശോധിച്ച് അംഗീകരിച്ച അപേക്ഷകൾ സംഘത്തിന്റെ ബോർഡ് തീരുമാനത്തിനും അതിനു ശേഷം ക്ഷീര വികസന ഓഫീസ്സറുടെ വർക്ക് ക്യൂ ലേക്കും നീങ്ങുന്നു.

7. ക്ഷീര വികസന ഓഫീസർ പരിശോധിച്ച് സമർപ്പിക്കുന്ന അപേക്ഷകൾ ജില്ല നോഡൽ ഓഫീസർ മുഖേന ക്ഷേമനിധിയിലേക്ക് നീങ്ങുന്നു.

8. ക്ഷേമാനിധിയിലെ സൂക്ഷ്മ പരിശോധനക്ക് ശേഷം ധനസഹായം അനുവദിക്കുന്നു.

9. പരിഹരിക്കപ്പെടാൻ സാധിക്കാത്ത തരത്തിൽ ന്യൂനതയുള്ള അപേക്ഷകൾ Reject ചെയ്യുന്നതിനും സാധിക്കും. അത്തരത്തിൽ Reject ചെയ്യുന്ന പക്ഷം റാങ്ക് ലിസ്റ്റിലെ തൊട്ടടുത്ത അപേക്ഷകനു ധനസഹായത്തിന് അർഹത ലഭിക്കുന്നു.

****************